**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 598** **08-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ വാണിജ്യ മേഖലയിലെ സംസ്ഥാനത്തിന്റെ നേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പുറത്തിറക്കിയ ഭരണമികവ് സൂചികയിൽ സംസ്ഥാനം മുന്നിൽ എത്തിയതിന് വ്യവസായ മേഖലയുടെ മികവ് ഒരു കാരണമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിന് കീഴിലുള്ള അഡ്മിനിസ്ട്രേഷൻ റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസ് (DARPG) വകുപ്പാണ്, സംസ്ഥാനങ്ങളുടെ ഭരണമികവിലെ പ്രകടനം അളക്കുന്നതിനായി വികസിപ്പിച്ച Good Governance Index (GGI) അഥവാ ഭരണ മികവ് സൂചികയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രോഡീകരിക്കുകയും, സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും റാങ്കിംഗ് പ്രസിദ്ധീകരിക്കുന്നതിനായി ദ്വിവാർഷിക എക്സർസൈസ് നടത്തുകയും ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിക്കപ്പെട്ടത് 2020-21 ലെ റാങ്കിങ്ങാണ്. ഇതിൽ ഗ്രൂപ്പ് 'എ' വിഭാഗത്തിൽ മികച്ച നേട്ടം കൈവരിച്ചുകൊണ്ട് 5-ാം സ്ഥാനത്തെത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കൃഷിയും അനുബന്ധ ഘടകങ്ങളും, സാമ്പത്തിക ഭരണം, സാമൂഹ്യക്ഷേമവും വികസനവും, പരിസ്ഥിതി തുടങ്ങി 8 സെക്ടറുകളിലായി 58 സൂചകങ്ങളിലെ സംസ്ഥാനങ്ങളുടെ മികവാണ് ഭരണ മികവ് സൂചിക തയ്യാറാക്കുന്നതിനായി പരിശോധിക്കുന്നത്. ഇതിൽ 'വ്യവസായവും വാണിജ്യവും' ഒരു സെക്ടറായി പരിഗണിക്കപ്പെടുകയും, അതിന് കീഴിൽ വ്യവസായ സൗഹൃദ ആവാസവ്യവസ്ഥ, വ്യവസായങ്ങളുടെ വളർച്ച, ഓൺലൈനിൽ ഉദ്യോഗ് ആധാർ രജിസ്റ്റർ ചെയ്തിരിക്കുന്ന MSME യൂണിറ്റുകളുടെ എണ്ണത്തിലെ വളർച്ച, ജി.എസ്.റ്റി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ എണ്ണത്തിലെ വർദ്ധനവ്, സ്റ്റാർട്ട്-അപ്പ് പരിസ്ഥിതി എന്നീ സൂചകങ്ങൾ പരിശോധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഭരണമികവ് സൂചികയിൽ സംസ്ഥാനം മുന്നിലെത്തിയതിന്, വ്യവസായ മേഖലയുടെ മികവും ഒരു കാരണമാണെന്ന് വ്യക്തമാകുന്നു. |
| (ബി) | വ്യവസായ വാണിജ്യ മേഖലയിലെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ ഉയർന്ന സ്കോർ | (ബി) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ |

| | | | |
|---|---|---|---|
| | നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്നതിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ്സ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ്സ് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ എക്സർസൈസിന്റെ ലക്ഷ്യം. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് കേരളവും ഈ ഉദ്യമത്തിൽ 2014 മുതൽ സജീവമായി പങ്കെടുത്തു വരുന്നു.<br><br>പ്രസ്തുത സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 22 വകുപ്പുകൾ/ ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസിനസ്സ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ സംസ്ഥാനത്തിന് ടോപ്പ് അച്ചീവർ പുരസ്കാരം നേടാൻ സാധിച്ചു. അതുവഴി വ്യവസായ സൗഹൃദ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തിലേക്കെത്തി. നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന റാങ്കിങ്ങിൽ പ്രസ്തുത മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോറോട്ടുകൂടിയാണ് കേരളം അഭിമാനകരമായ ഈ നേട്ടം സ്വന്തമാക്കിയത്. |

സെക്ഷൻ ഓഫീസർ